**പത്രക്കുറിപ്പ്**

**KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS**
T.C. 14/2036, VanrossJn,University P.O,
Thiruvananthapuram – 34
e-mail : pro.cpcr@gmail.com
Phone : 0471 – 2326603/04/05

19.11. 2020

# പാലക്കാട് ഗവ. മോയൻ സ്കൂൾ നവീകരണം ഉടൻ പൂർത്തിയാക്കണമെന്ന് ബാലാവകാശ കമ്മീഷൻ

പാലക്കാട് മോയൻ ഗവൺമെന്റ് മോഡൽ ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിലെ ഡിജിറ്റൈസേഷൻ പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കണമെന്ന് സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചെയർമാൻ കെ. വി. മനോജ്കുമാർ ആവശ്യപ്പെട്ടു. എട്ടു വർഷമായി നടക്കുന്ന പ്രവൃത്തികൾക്ക് എട്ടു കോടി രൂപ അനുവദിച്ചിട്ടും പദ്ധതിയുടെ പ്രയോജനം വിദ്യാർത്ഥികൾക്ക് ലഭിക്കാതെ പോകുന്നത് ന്യായീകരിക്കാനാവില്ല. പദ്ധതി പൂർത്തീകരണം ത്വരിതപ്പെടുത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം ഉടനെ വിളിച്ചു ചേർക്കണം. വീഴ്ചകളെക്കുറിച്ച് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമെന്നും ചെയർമാൻ പറഞ്ഞു. സ്കൂൾ സന്ദർശിച്ച് പരിശോധന നടത്തിയ ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു. കമ്മീഷൻ അംഗം സി. വിജയകുമാർ ഒപ്പം ഉണ്ടായിരുന്നു.

കേരളത്തിൽ ഏറ്റവുമധികം പെൺകുട്ടികൾ പഠിക്കുന്നതാണ് ഗവ. മോയൻ സ്കൂളെന്ന് പരാതി നൽകിയ മുൻ അധ്യാപക രക്ഷാകർതൃ സമിതി പ്രസിഡന്റും നിലവിൽ അംഗവും മുൻ ആഡിറ്ററുമായ കെ. എസ് ഉദയകുമാരമേനോൻ പറഞ്ഞു. 53 ക്ലാസ് മുറികളാണ് ഡിജിറ്റൈസ് ചെയ്യേണ്ടത്. കെൽട്രോൺ മുഖേന ഹാബിറ്റാറ്റിനെയാണ് നിർമാണച്ചുമതല ഏൽപ്പിച്ചിരിക്കുന്നത്. നൂറ്റയൊന്നാം വയസ്സിലേയ്ക്ക് കടക്കുന്ന സ്കൂളിന്റെ ആധുനികവത്കരണത്തെക്കുറിച്ചുള്ള പ്രതീക്ഷകളോടെയാണ് 4800 ലധികം പേരെ ഇവിടെ രക്ഷിതാക്കൾ ചേർത്തിരിക്കുന്നത്. എന്നാൽ തൊട്ടടുത്തുള്ള സ്കൂളുകൾ ഡിജിറ്റൈസ് ചെയ്തു കഴിഞ്ഞിട്ടും നടപടി സ്വീകരിക്കാത്തത് അംഗീകരിക്കാനാവില്ല. കേന്ദ്ര ഫണ്ട്, എംപി. ഫണ്ട്, എം.എൽ.എ ഫണ്ട്, സച്ചിൻ തെൻഡുൽക്കറുടെ സഹായം, നഗരസഭയുടെ വിഹിതം തുടങ്ങി വിവധ ധനസഹായങ്ങൾ ലഭിച്ചിട്ടുണ്ടെങ്കിലും പദ്ധതിയുടെ എസ്റ്റമേറ്റോ പ്ലാനോ അധികൃതരുടെ കൈവശം ഇല്ലെന്നും പരാതിക്കാരൻ ചൂണ്ടിക്കാട്ടി.

(നമ്പർ: 2554/സി-09/സി2/2020, തീയതി 23.03.2020)

# ബാലാവകാശ വാരാചരണം സമാപനം ഇന്ന്

സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ മാജിക് അക്കാദമിയുമായി ചേർന്ന് സംഘടിപ്പിച്ച ബാലാവകാശ വാരാചരണ പരിപാടിയുടെ സമാപനം ഇന്ന് (20.11.2020) കിൻഫ്ര പാർക്കിലെ മാജിക് പ്ലാനറ്റിൽ ഉച്ച കഴിഞ്ഞ് മൂന്നിന് നടത്തും. സമാപന സമ്മേളനം വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. കെ. ഇളങ്കോവൻ ഉദ്ഘാടനം ചെയ്യും. കമ്മീഷൻ ചെയർമാൻ കെ. വി മനോജ്കുമാർ അദ്ധ്യക്ഷനാകും. ചലച്ചിത്ര സംവിധായകൻ മധുപാൽ മുഖ്യാതിഥിയാകും. കവി മുരുകൻ കാട്ടാക്കട ബാലവകാശ സന്ദേശം നൽകും. ബാലസൗഹൃദ കേരളം ബ്രാൻഡ് അംബാസഡർ ഗോപിനാഥ് മുതുകാട് തുടർപരിപാടികൾ വിശദീകരിക്കും. ബാലമാന്ത്രികൻ മുഹമ്മദ് ഷാനുവിന്റെ ഇന്ദ്രജാലവും ഹരിചന്ദനയുടെ ഓട്ടൻതുള്ളലും ഉണ്ടായിരിക്കും.

**പബ്ലിക് റിലേഷൻസ് ഓഫീസർ**